ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# അനുഗ്രഹങ്ങൾ ആപത്താകാതിരിക്കാൻ ജാഗ്രത പാലിക്കണം

عَنْ أَبِي سَعِيدٍ الْخُدْرِيِّ رَضِي الله عَنْه، قَالَ: جَلَسَ رَسُولُ اللَّهِ صلى الله عليه وسلم عَلَى الْمِنْبَرِ وَجَلَسْنَا حَوْلَهُ فَقَالَ : إِنَّ مِمَّا أَخَافُ عَلَيْكُمْ بَعْدِي مَا يُفْتَحُ عَلَيْكُمْ مِنْ زَهْرَةِ الدُّنْيَا وَزِينَتِهَا . فَقَالَ رَجُلٌ : أَوَيَأْتِي الْخَيْرُ بِالشَّرِّ يَا رَسُولَ اللَّهِ ؟ قَالَ: فَسَكَتَ عَنْهُ رَسُولُ اللَّهِ صلى الله عليه وسلم فَقِيلَ لَهُ: مَا شَأْنُكَ ؟ تُكَلِّمُ رَسُولَ اللَّهِ صلى الله عليه وسلم وَلاَ يُكَلِّمُكَ ؟ قَالَ: وَرَأَيْنَاهُ أَنَّهُ يُنْزَلُ عَلَيْهِ فَأَفَاقَ يَمْسَحُ عَنْهُ الرُّحَضَاءَ وَقَالَ: إِنَّهُ لاَ يَأْتِي الْخَيْرُ بِالشَّرِّ وَإِنَّ مِمَّا يُنْبِتُ الرَّبِيعُ يَقْتُلُ أَوْ يُلِمُّ إِلاَّ آكِلَةَ الْخَضِرِ فَإِنَّهَا أَكَلَتْ حَتَّى إِذَا امْتَلأَتْ خَاصِرَتَاهَا اسْتَقْبَلَتْ عَيْنَ الشَّمْسِ فَثَلَطَتْ وَبَالَتْ ثُمَّ رَتَعَتْ وَإِنَّ هَذَا الْمَالَ خُضْرٌ حُلْوٌ وَنِعْمَ صَاحِبُ الْمَالِ مَا أَعْطَى مِنْهُ الْمِسْكِينَ وَالْيَتِيمَ وَابْنَ السَّبِيلِ وَإِنَّهُ مَنْ يَأْخُذُهُ بِغَيْرِ حَقِّهِ كَانَ كَالَّذِي يَأْكُلُ وَلاَ يَشْبَعُ وَيَكُونُ عَلَيْهِ شَهِيدًا يَوْمَ الْقِيَامَةِ .

**അബൂസഈദിൽ ഖുദ്രി(റ)യിൽനിന്ന്. ഒരിക്കൽ നബി(സ) പ്രസംഗപീഠത്തിൽ ഇരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ ചുറ്റുമായി ഇരുന്നു. അവിടുന്ന് പറഞ്ഞു: 'എന്റെ കാലശേഷം ഞാൻ നിങ്ങൾക്ക് ഭയപ്പെടുന്നത്, ഇഹലോകത്തിന്റെ ശോഭയിൽനിന്നും അലങ്കാരത്തിൽനിന്നും നിങ്ങൾക്ക് തുറന്നുകിട്ടുന്നതിനെയാണ്.' അപ്പോൾ ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! നന്മ തിന്മ കൊണ്ടുവരുമോ?' (അനുഗ്രഹങ്ങൾ ആപത്തായി മാറുമോ?) അപ്പോൾ അവിടുന്ന് മൗനം ഭജിച്ചു. ചോദ്യങ്ങളുന്നയിച്ച ആളോട് മറ്റൊരാൾ അന്വേഷിച്ചു: 'എന്തുപറ്റി? നിങ്ങൾ നബി(സ)യോട് സംസാരിക്കുന്നു. അല്ലാഹുവിന്റെ ദൂതനാവട്ടെ, നിങ്ങളോട് സംസാരിക്കുന്നുമില്ല.' അതിനിടെ അവിടുത്തേക്ക് ദിവ്യബോധനം ഇറങ്ങുന്നതായി ഞങ്ങൾക്ക് തോന്നി. അനന്തരം അവിടുന്ന് വിയർപ്പ് തുടച്ചിട്ട് ഇങ്ങനെ പ്രതിവചിച്ചു. 'തീർച്ചയായും നന്മ തിന്മയെ കൊണ്ടുവരികയില്ല. നിശ്ചയം, വസന്തകാല മുളകളിൽ കൊല്ലുന്നവയും മരണത്തോട് അടുപ്പിക്കുന്നവയുമുണ്ട്; മറ്റൊന്നും തിന്നാൻ കിട്ടാതിരിക്കുമ്പോൾ ചില ചെറു സസ്യങ്ങൾ മാത്രം തിന്നുന്ന മൃഗങ്ങൾ ഇടുപ്പ് വികസിക്കുവോളം അത് ഭക്ഷിക്കുന്നു. എന്നിട്ട് വെയിൽ കൊള്ളുകയും കാഷ്ഠിക്കുകയും മൂത്രിക്കുകയും മേയുകയും ചെയ്യുന്നു. തീർച്ചയായും ഈ സമ്പത്തുണ്ടല്ലോ, ഇതുപോലെ, ഹരിതാഭവും മധുരതരവുമാണ്. സമ്പത്തിൽനിന്ന് അഗതിക്കും അനാഥന്നും വഴിപോക്കന്നും നൽകുവോളം സമ്പത്തിന്റെ ഉടമ നല്ലവനാണ്. സമ്പത്ത് അനർഹമായി നേടുന്നവർ ഭക്ഷിച്ചിട്ടും വിശപ്പു മാറാത്തവനെപ്പോലെയാണ്. അത് അന്ത്യനാളിൽ അയാൾക്കെതിരെ സാക്ഷിയായി വരികയും ചെയ്യും' (ബുഖാരി 1465, മുസ്‌ലിം 1052).**

ന്യായാന്യായ ഭേദചിന്തയില്ലാതെ അനിയന്ത്രിതമായി ധനം സമ്പാദിക്കുന്നവരെയും നിയന്ത്രണങ്ങൾക്ക് വിധേയമായി സമ്പാദിച്ച് സ്വന്തത്തിന് ഉപയോഗിക്കുന്നതോടൊപ്പം നല്ല കാര്യങ്ങൾക്കായി ചെലവഴിക്കുന്നവരെയും വേറിട്ടു പരിചയപ്പെടുത്തുന്ന രണ്ട് ഉദാഹരണങ്ങളാണ് മുകളിലെ ഹദീസിൽ പരാമർശിച്ചിരിക്കുന്നത്.

തന്റെ കാലശേഷം സമൂഹത്തിൽ വരാൻ പോകുന്ന ഗുണകരവും ദോഷകരവുമായ പലതിനെയും പറ്റി നബി(സ) സന്തോഷവാർത്തയും മുന്നറിയിപ്പും നൽകിയിരുന്നു. ഭാവിയിൽ മനുഷ്യസമൂഹത്തിനുണ്ടാവുന്ന ഭൗതിക സമൃദ്ധിയും അതിന്റെ സൗന്ദര്യാലങ്കാരങ്ങളുമാണ് അവയിലൊന്ന്. ഇതേക്കുറിച്ച് നബി(സ) സഹാക്കളുമായി കടുത്ത ആശങ്ക പങ്കുവെച്ചപ്പോൾ, ഭൗതികാഭിവൃദ്ധികളെ ആപച്ഛങ്കയോടെ കാണേണ്ടതുണ്ടോ എന്ന അർഥത്തിൽ 'നന്മ തിന്മക്ക് വഴിയൊരുക്കുമോ?' എന്ന് സ്വഹാബികൾ വിശദീകരണമാരാഞ്ഞു. തദവസരം അൽപനേരം മൗനം ഭജിച്ച നബി(സ) തൽസമയം അല്ലാഹുവിൽനിന്ന് ലഭിച്ച ബോധനത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യത്തിന്റെ മറുപടിയായി പറയുന്ന ഭാഗമാണ് തുടർന്നുള്ള ഉദാഹരണവും വിശദീകരണവും.

സാധാരണ ഗതിയിൽ ഏതൊരു നന്മയും അനുബന്ധ നന്മകളെയാണ് ഉൽപാദിപ്പിക്കുക. എന്നാൽ, ഏതു നന്മയെയും നല്ല രീതിയിലും അല്ലാതെയും കൈകാര്യം ചെയ്യാൻ കഴിയും. നന്മയെ ദുരന്തമാക്കി മാറ്റുന്നവരെക്കുറിച്ചാണ് ഈ ഹദീസ് താക്കീതു ചെയ്യുന്നത്. ഇസ്‌ലാം, മുഹമ്മദ് നബി എന്നീ അനുഗ്രഹങ്ങളെ അവഗണിച്ച് ദുരന്തം ഏറ്റുവാങ്ങിയ മക്കക്കാരെക്കുറിച്ച് അധ്യായം *ഇബ്‌റാഹീം* 28-ൽ അല്ലാഹു പറഞ്ഞത് ശ്രദ്ധേയമാണല്ലോ.

ചില കാലങ്ങളിൽ സസ്യങ്ങൾ സമൃദ്ധമായി മുളച്ചുപൊ

ന്തും. കന്നുകാലികൾക്ക് യഥേഷ്ടം മേഞ്ഞുതിന്നാൻ അത് അവസരമേകും. എന്നാൽ ചില കന്നുകാലികൾ കരുതലോടെ മാത്രമേ ഭക്ഷിക്കുകയുള്ളൂ. ഭക്ഷിക്കുന്നതിനോടൊപ്പം അവ ദഹിപ്പിക്കുന്നതും അവ പ്രധാനമായി കാണുന്നു. അതിനായി നിലത്ത് വെയിലത്ത് കിടക്കുന്നു. ദഹിപ്പിക്കാനായി ആമാശയത്തിൽനിന്ന് വായിലേക്ക് കൊണ്ടുവന്ന് ചവച്ചരച്ച് പാകമാക്കുന്നു. അതിലൂടെ ആഹാരത്തിന്റെ മുഖ്യലക്ഷ്യമായ പോഷണം സാധിക്കുന്നു. മിച്ചമുള്ളത് മല-മൂത്രങ്ങളായി പുറത്തേക്കു പോകുന്നു. പിന്നെയും മേഞ്ഞു തിന്നുന്നു, തേട്ടിയരക്കുന്നു. സ്വന്തത്തിനും മറ്റുള്ളവർക്കും ഉപകാരപ്പെടുംവിധം ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നു.

സമ്പാദിക്കാൻ വേണ്ടി സമ്പാദിക്കുക എന്നത് ഒരിക്കലും ലക്ഷ്യമാവരുത്. കഴിക്കുന്ന ആഹാരം സാവകാശം ദഹിപ്പിച്ച് തനിക്കും മുറ്റുള്ളവർക്കും പല പ്രകാരത്തിൽ പ്രയോജനപ്പെടുംവിധം കന്നുകാലികൾ മാറ്റിയെടുക്കുന്നതുപോലെ, സമ്പാദ്യം നമുക്കും മറ്റുള്ളവർക്കും പ്രയോജനപ്പെടുംവിധം കൈകാര്യം ചെയ്യുമ്പോഴാണ് ആത്യന്തികമായി അതിന്റെ ഗുണഫലം ഉടമക്കും മറ്റുള്ളവർക്കും അനുഭവിക്കാനാവുക. എത്രയോ തിന്നുക, എത്രയോ സമ്പാദിക്കുക എന്നതല്ല കാര്യം. അതിലൂടെ എന്തു നേട്ടങ്ങൾ ലഭ്യമായി എന്നാണ് വിലയിരുത്തേണ്ടത്. ഇഹലോകം തന്നെ വലിയ വിഭവമാണ്. അതിലെ തരാതരം അനുഗ്രഹങ്ങൾ ഹൃദയഹാരിയും ഹരിതാഭവും മധുരതരവുമാണ്. അവ കൈകാര്യം ചെയ്യുന്നത് ധർമനിഷ്ഠവുമായി, ദൈവനിർദേശങ്ങൾക്കൊത്താണെങ്കിൽ അവയുടെ അന്തസ്സും മൂല്യവും സൗന്ദര്യവും വർധിക്കും. 'നല്ലവനായ മനുഷ്യന് നല്ല സമ്പത്ത് എത്രമാത്രം നല്ലതായിരിക്കും' എന്ന നബിവചനം സൽക്കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന നല്ല സമ്പത്തിന്റെ നന്മയെ എടുത്തുപറയുന്നതാണ്.

സത്യവിശ്വാസിയുടെ സമ്പത്തിൽ പ്രഥമ പരിഗണന അർഹിക്കുന്ന അഗതികളെയും അനാഥകളെയും വഴിപോക്കരെയുമാണ് തുടർന്ന് എടുത്തു പറയുന്നത്. മക്കയിൽ അവതരിച്ചത്, മദീനയിൽ അവതരിച്ചത് എന്ന വ്യത്യാസമില്ലാതെ ഖുർആനിൽ ഊടും പാവും എന്നോണം ഇഴചേർന്നു നിൽക്കുന്ന ആശയമാണ് വ്യത്യസ്ത മർദിത വിഭാഗങ്ങളുടെ സംരക്ഷണവും പരിപാലനവും. ഇതിനൊന്നും വിനിയോഗിക്കപ്പെടാത്ത സമ്പത്ത് അതിന്റെ ഉടമയുടെ തന്നെ വിനാശത്തിനാണ് കാരണമാവുക; ചില തരം സസ്യങ്ങൾ വയറു നിറയെ ആഹരിച്ച് ഒടുവിൽ ചത്തുപോകുന്ന കാലികളെ പോലെ.

സമ്പാദനത്തിനും വിനിയോഗത്തിനും അതിന്റേതായ മുറകളും മര്യാദകളുമുണ്ട്. ഹിതകരമായ മാർഗങ്ങളിലെ ധനവിനിയോഗം അവയിൽ പ്രധാനമാണ്. അത് മാനിക്കാതെ പ്രവർത്തിക്കുന്നവർ എത്ര തിന്നാലും വയറു നിറയാത്ത കാലികളെ പോലെയാണ്. അവർ സമ്പാദിച്ചുകൊണ്ടേയിരിക്കും. അതിന്റെ ഒരു ഗുണവും അവർക്കോ മറ്റുള്ളവർക്കോ ഉണ്ടാവില്ല. സർവോപരി, മരണാനന്തര ജീവിതത്തിൽ അത് അവർക്കെതിരായ സാക്ഷിയായി രംഗത്തു വരികയും ചെയ്യും. ●